ഭരണഭാഷ : മാതൃഭാഷ

ജില്ലാ വ്യവസായകേന്ദ്രം, തൃശ്ശൂർ,
ഫോൺ: 0487/ 2361945, 2360847.
ഫാക്സ്: 0487/ 2360847.
gm.tsr.dic@kerala.gov.in

നം: എ6/1193/17

തീയതി: 23/10/2018.

പ്രേഷിതൻ
ജനറൽ മാനേജർ.

സ്വീകർത്താവ്
സെക്രട്ടറി,
വടക്കാഞ്ചേരി മുനിസിപ്പാലിറ്റി.

സർ,

വിഷയം:- ജില്ലാ വ്യവസായകേന്ദ്രം, തൃശ്ശൂർ - അത്താണി വ്യവസായ വികസന പ്ലോട്ട് മാനുഫാക്ചേഴ്സ് അസോസിയേഷൻ നൽകിയ പരാതി - സംബന്ധിച്ച്.

സൂചന:-
1) അത്താണി ഡവലപ്മെന്റ് പ്ലോട്ട് മാനുഫാക്ചേഴ്സ് അസോസിയേഷൻ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി മുൻപാകെ സമർപ്പിച്ച പരാതിയുടെ പകർപ്പ്.
2) ശ്രീ. ഫിലിപ്പ്.എ. മുളയ്ക്കലിന്റെ അപേക്ഷ.
3) മെ: യമുന റോളർ ഫ്ളോർ മിൽ പ്രൈവറ്റ് ലിമിറ്റഡിന്റെ 20/10/2018 -ലെ അപേക്ഷ.
4) 27/11/1979 -ലെ സർക്കാർ ഉത്തരവ് നം: ജി.ഒ. (എം.എസ്) 400/79/ഐഡി.
5) ദി കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇന്റസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട് 1999.
6) കേരള മുനിസിപ്പാലിറ്റി ആക്ട് 1994.
7) ഇന്ത്യൻ ഭരണഘടന.

-------

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, പെരിങ്ങണ്ടൂർ വില്ലേജിൽ വരുന്നതും, വ്യവസായ വാണിജ്യ വകുപ്പിന്റെ അധീനതയിൽ ഉള്ളതതുമായ അത്താണി വ്യവസായ വികസന പ്ലോട്ടിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭകർക്ക് കെട്ടിട നികുതി, തൊഴിൽ നികുതി, നഗരസഭാ ലൈസൻസ് തുടങ്ങിയവ എടുക്കണമെന്ന് നിർബ്ബന്ധിക്കുന്നതായി സൂചന (1), (2), (3) പ്രകാരം ഈ കാര്യാലയത്തിൽ അറിയിച്ചിരിക്കുന്നു. ടി സ്ഥാപനങ്ങൾക്ക് ജില്ലാ വ്യവസായ കേന്ദ്രം മുഖേനയാണ് സംരംഭങ്ങൾ ആരംഭിക്കാൻ സ്ഥലം അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് അവർ അഭ്യർത്ഥിച്ചിരിക്കുന്നു. പ്രസ്തുത പരാതികളും നിലവിലെ നിയമങ്ങളുടെ . അടിസ്ഥാനത്തിൽ പരിശോധിച്ചതിനെ തുടർന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും താഴെ നൽകുന്നു.

1. ബഹു: കേരള സംസ്ഥാന ഗവർണറുടെ സൂചന (4) -ലെ വിജ്ഞാപന പ്രകാരമാണ് അത്താണി വ്യവസായ പ്രദേശം സ്ഥാപിച്ചിരിക്കുന്നത്.
2. സൂചന (5) -ലെ സെക്ഷൻ 6 പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്ത വ്യവസായ പ്രദേശത്ത് ഒരു സംരംഭം ആരംഭിക്കുവാനോ തുടർന്ന് പ്രവർത്തിക്കുവാനോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ യാതൊരുവിധ അനുമതിയും ആവശ്യമില്ലാത്തതാകുന്നു.
3. 'കേരള മുനിസിപ്പൽ ആക്ട്' Sec. 2 (Definitions) പ്രകാരം നഗരസഭ എന്നത് വിവക്ഷിച്ചിരിക്കുന്നത് ബഹു: ഇന്ത്യൻ ഭരണ ഘടന Art.243 (Q) പ്രകാരം ഉണ്ടാക്കിയ സ്ഥാപനം എന്ന രീതിയിലാണ്.
4. ബഹു: ഇന്ത്യൻ ഭരണഘടന Art.243 (Q) -ൽ നഗരസഭ (മുനിസിപ്പാലിറ്റി) എന്നത് വിവരിച്ചിരിക്കുന്നത് ഗവർണർ വിജ്ഞാപനം ചെയ്ത വ്യവസായ പ്രദേശം, മറ്റു സമാന പ്രദേശങ്ങൾ എന്നിവ ഒഴികെയുള്ള പ്രദേശങ്ങൾ എന്നാണ്.

മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനു വേണ്ടി ബഹു: ഗവർണറുടെ വിജ്ഞാപന പ്രകാരം ഉണ്ടാക്കിയതായ വ്യവസായ പ്രദേശത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യാതൊരുവിധ അധികാരം ഇല്ലാത്തതാകുന്നു. ഈ സാഹചര്യത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് 1994 -ലെ അധികാരങ്ങൾ ഉപയോഗിച്ച് നഗരസഭ ലൈസൻസ് എടുക്കണമെന്നും, കെട്ടിട നികുതി, തൊഴിൽ നികുതി ഇനത്തിൽ തുക നൽകണമെന്നും വ്യവസായ പ്രദേശത്തെ സ്ഥാപനങ്ങളെ നിർബ്ബന്ധിക്കുന്നത് ബഹു: ഇന്ത്യൻ ഭരണ ഘടനയുടെ ആർട്ടിക്കിളിന്റെ ലംഘനമായിട്ടാണ് നിരീക്ഷിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മേൽ വിവരിച്ച നടപടികൾ ബഹു: ഇന്ത്യൻ ഭരണ ഘടന തന്നെ Art.243 (Q) പ്രകാരം നഗരസഭയുടെ പരിധിയിൽ നിന്നുതന്നെ ഒഴിവാക്കിയ പ്രദേശത്ത് നഗരസഭയുടെ അധികാരം ഉപയോഗിക്കുന്നത് ബഹു: ഇന്ത്യൻ ഭരണഘടന ലംഘനമായിട്ടാണ് നിരീക്ഷിക്കേണ്ടത്. സമാനമായ കേസിൽ (WP(C) 7829/2012, dated 25/10/2017) ബഹു: ഹൈക്കോടതി 'വ്യവസായ പ്രദേശം എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ പെടാത്ത മേഖല ആണ് എന്നും ആയതിനാൽ ഈ വിഷയത്തിൽ അവർക്ക് യാതൊരുവിധ അധികാരം ഇല്ലായെന്നും വിധിച്ചിട്ടുണ്ട്.'

മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ മാത്രം അധീനതയിലുള്ള അത്താണി വ്യവസായ പ്രദേശത്ത് ആ പ്രദേശത്തുള്ള ഗ്രാമപഞ്ചായത്തിന്റേയോ നഗരസഭയുടേയോ യാതൊരുവിധ പ്രവർത്തനാനുമതിയോ ലൈസൻസോ ആവശ്യമില്ലെന്നും കെട്ടിട നികുതി, തൊഴിൽ നികുതി തുടങ്ങിയവയൊന്നും അടയ്ക്കേണ്ടതില്ലെന്നും അറിയിക്കുന്നു. ഈ വിഷയത്തിൽ അനുമതി നൽകുന്നതും സ്ഥലത്തിന്റെ വില വാങ്ങുന്നതും ജില്ലാ വ്യവസായ കേന്ദ്രത്തിൽ മാത്രമാണെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ മാനേജർ

പകർപ്പ്:

1) അഡ്മ, അത്താണി.
2) ശ്രീ. ഫിലിപ്. എ. മുളയ്ക്കൽ, മെ: ഓഷ്യൻ പോളിമേഴ്സ്.
3) മെ: യമുന റോളർ ഫ്ളോർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ്.